# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6008 19.11.2019-ൽ മറുപടിക്ക്

## വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷ

ചോദ്യം

ശ്രീ.മുരളി പെരുനെല്ലി

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് ചാവക്കാട്, ചക്കംകണ്ടം, അമ്പലത്ത് വീട്ടിൽ അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പുമന്ത്രിയുടെ 08.03.2019-ലെ 7749/VIP/2019/M/Co-op/Tsm/Dev നമ്പർ നിർദ്ദേശപ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പ് മന്ത്രിയുടെ 08.03.2019-ലെ 7749/VIP/2019/M/Co-op/Tsm/Dev നമ്പർ നിർദ്ദേശപ്രകാരം ശ്രീ.അഷറഫ് കാളിയത്തിന്റെ വായ്പയിൽ നവ കേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷ തീർപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | അപേക്ഷ തീർപ്പാക്കിയിട്ടില്ല. ശ്രീ.അഷറഫ് കാളിയത്ത് മേൽ സഹകരണ ബാങ്കിൽ നിന്നും 5 ലക്ഷം രൂപ O.D/4/858/2002-2003 നമ്പറായി ഓവർ ഡ്രാഫ്റ്റ് വായ്പ എടുത്തിട്ടുള്ളത്, ബാങ്കിന്റെ ഉപനിബന്ധന പ്രകാരം 3 മാസം കൂടുമ്പോൾ പലിശ മുതലിനോട് ചേർക്കുന്നതാണ്. അതനുസരിച്ച് 31/12/2018 ലെ കണക്ക് പ്രകാരം 99,04,506/- രൂപയാണ് ബാക്കി നിൽപ്പുള്ളത്. ഈ വായ്പയിൽ 81,21,934/- രൂപ ഇളവ് നൽകാൻ സംഘം തല കമ്മിറ്റി തീരുമാനിച്ച് ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുള്ളതാണ്. ഓവർ ഡ്രാഫ്റ്റ് വായ്പകൾ കുടിശ്ശിക നിവാരണം പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | പരിഗണിക്കുമ്പോൾ വായ്പയുടെ കാലാവധി കണക്കാക്കുന്നതിലും പലിശ കണക്കാക്കുന്നതിലും തൃശ്ശൂർ ജോയിൻറ് രജിസ്ട്രാർ (ജനറൽ) വ്യക്തത ആവശ്യപ്പെട്ടുകയും സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക നിവാരണ പദ്ധതിയുടെ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനായി വിശദാംശങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിന് അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**